# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2584

06.02.2018 ലെ മറുപടിയ്ക്ക്.

**പട്ടികജാതിക്കാർക്കായുള്ള കടാശ്വാസ പദ്ധതി**

**ചോദ്യം**
**ശ്രീ.അടൂർ പ്രകാശ്**
**,, കെ.മുരളീധരൻ**
**,, വി.ടി.ബൽറാം**
**,, എൽദോസ് പി. കുന്നപ്പിള്ളിൽ**

**ഉത്തരം**
**ശ്രീ. എ. കെ. ബാലൻ**
പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പട്ടികജാതിക്കാർക്കായി ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ കടാശ്വാസ പദ്ധതിയുടെ വിശദാംശം നൽകുമോ; ഇതിലൂടെ എത്ര കോടി രൂപയുടെ ആനുകൂല്യമാണ് ഈ വിഭാഗത്തിന് ലഭ്യമായതെന്നറിയിക്കാമോ; | (എ) | പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും എടുത്ത വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ചേർത്ത് മുതലിന്റെ ഇരട്ടിയെങ്കിലും തിരിച്ചടച്ച വായ്പകളിലെ കുടിശ്ശിക എഴുതിത്തള്ളിക്കൊണ്ടും ഒന്നരയിരട്ടി തിരിച്ചടച്ച വായ്പകളിൽ രണ്ടിരട്ടി എത്തുന്നതുവരെയുള്ള കുടിശ്ശിക തുക 24 പ്രതിമാസ ഗഡുക്കളായി പുനഃക്രമീകരിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. ടി പദ്ധതി പ്രകാരം 20 ഗുണഭോക്താക്കളുടെ വായ്പാ കുടിശ്ശിക എഴുതി തള്ളുന്നതിനായി 4,74,777.13 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിന് പുറമേ മുൻസർക്കാരിന്റെ കാലത്ത് അനുവദിച്ച വായ്പാ കുടിശ്ശിക എഴുതിതള്ളുന്ന പദ്ധതിപ്രകാരം കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ 1096 ഗുണഭോക്താക്കൾക്കായി 63,330,217.91/- രൂപ ചെലവഴിച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പാ കുടിശ്ശിക എഴുതി തള്ളുന്നതിനായി 8,87,964,000/-രൂപയും അനുവദിച്ച നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | മുൻ സർക്കാരിന്റെ കാലത്തു നടപ്പിലാക്കിയ, പട്ടികജാതിക്കാരുടെ വായ്പ കുടിശ്ശിക എഴുതിത്തള്ളുന്ന പദ്ധതി പ്രകാരം ഏതൊക്കെ തരത്തിലുള്ള വായ്പകളാണ് എഴുതി തള്ളിയത്; | (ബി) | സഹകരണ ബാങ്കുകൾ, കേരള ഖാദി ഗ്രാമവികസന ബോർഡ്, വ്യവസായ വാണിജ്യ വകുപ്പ് എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ള വായ്പകളിൽ 31-03-2006 ന് തിരിച്ചടവ് പൂർത്തിയായ വായ്പകളിൽ കുടിശ്ശികയായ 50000/- രൂപവരെയുള്ള തുകയും കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31-03- 2010 ന് തിരിച്ചടവ് പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും പിഴപലിശയും ചേർത്ത് കുടിശ്ശികയായ ഒരു ലക്ഷം രൂപവരെയുള്ള തുകയും എഴുതി തള്ളുന്നതിന് സ.ഉ.(പി)നമ്പർ 24/2015/ പജ.പവ.വിവ നമ്പർ ഉത്തരവ് പ്രകാരവും വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ മുൻ സർക്കാരിന്റെ കാലത്ത് 7728 കുടുംബ ങ്ങൾക്കു മാത്രമാണ് കടാശ്വാസം ലഭ്യമാക്കിയത്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത സ്കീമിൽ കടാശ്വാസത്തിലേക്കായി 88.54 കോടി രൂപ അനുവദിച്ചു. അതിനുപുറമേ ട്രഷറി നിയന്ത്രണം മൂലം മുൻസർക്കാരിന്റെ കാലത്ത് തടഞ്ഞ് വച്ചിരുന്ന 44 കോടി രൂപയും റിലീസ് ചെയ്ത് നൽകി. കൂടാതെ 69,413 പേർക്ക് കടാസ്വാസത്തിന്റെ ആനുകൂല്യം നൽകാൻ കഴിഞ്ഞു. |
| (സി) | പ്രസ്തുത വായ്പ കുടിശ്ശിക /കടാശ്വാസ പദ്ധതി പട്ടികജാതിക്കാരുടെ സാമൂഹ്യാവസ്ഥയിൽ ഏത് തരത്തിലുള്ള മാറ്റമാണ് കൊണ്ടുവന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | പ്രസ്തുത വായ്പാ കുടിശ്ശിക എഴുതി തള്ളൽ പദ്ധതി/കടാശ്വാസ പദ്ധതിയിലൂടെ പട്ടികജാതി വിഭാഗക്കാർ വിവിധ ഏജൻസികളിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി എടുത്ത വായ്പകളിൽ തിരിച്ചടവ് കാലാവധി പൂർത്തിയായ വായ്പകളിലെ കുടിശ്ശിക ഒഴിവാക്കി ലഭിച്ചതിലൂടെ വായ്പാ സ്ഥാപനത്തിന്റെ ജപ്തിയുൾപ്പെടെയുള്ള റിക്കവറി നടപടികളിൽ നിന്ന് രക്ഷ നേടുവാനും ഈടായി നൽകിയ സ്വത്തുവകകൾ തിരികെ ലഭിക്കുന്നതിനും അതുവഴി സുരക്ഷിതമായ സാമൂഹ്യ ജീവിതം ഉറപ്പാക്കാനും കഴിഞ്ഞതായി കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ